**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1664** **28-07-2021 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കെട്ടിട നിർമ്മാണം തടസ്സപ്പെടാതിരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അവിടെയുള്ള പാഴ്മരങ്ങൾ ഉൾപ്പെടെയുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിന് വാല്യുവേഷൻ കൂട്ടി നിശ്ചയിക്കുന്നതിനാൽ മരങ്ങൾ ലേലത്തിൽ പോകാതെ കെട്ടിട നിർമ്മാണം തടസ്സപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകളിലാണ് പ്രസ്തുത സാഹചര്യമുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | തിരുവനന്തപുരം ജില്ലയിലെ ജി.യു.പി.എസ് മഞ്ചവിളാകം, കൊല്ലം ജില്ലയിലെ ജി.എൽ.പി.എസ് വലിയകുളങ്ങര, പത്തനംതിട്ടയിലെ ജി.എച്ച്.എസ്.എസ് ചിറ്റാർ, ജി.എച്ച്.എസ്.എസ് തുമ്പമൺ നോർത്ത് , എറണാകുളം ജില്ലയിലെ ഏഴിക്കര ബഡ്സ് സ്പെഷ്യൽ സ്കൂൾ , തൃശ്ശൂർ ജില്ലയിലെ ജി.എച്ച്.എസ്.എസ് പെരിങ്ങോട്ടുകര, ജി.എൽ.പി.എസ് തൊഴുപ്പാടം, ജി.യു.പി.എസ് വല്ലച്ചിറ, ജി.യു.പി.എസ് മൂർക്കനിക്കര, പാലക്കാട് ജില്ലയിലെ ജി.എച്ച്.എസ്.എസ് പട്ടാമ്പി, ജി.എച്ച്.എസ്.എസ് ഷൊർണ്ണൂർ, ജി.എച്ച്.എസ്. മുടപ്പല്ലൂർ, മലപ്പുറം ജില്ലയിലെ ജി.വി.എച്ച്.എസ്.എസ് നെടുവ, പരപ്പനങ്ങാടി, ജി.എച്ച്.എസ്.എസ് എടപ്പറ്റ, കോഴിക്കോട് ജില്ലയിലെ ജി.എം.യു.പി.എസ് ഫറോക്ക്, വയനാട് ജില്ലയിലെ ജി.എച്ച്.എസ് കുറുമ്പാല, ജി.എച്ച്.എസ് തോൽപ്പെട്ടി, ജി.എച്ച്.എസ് പെരിക്കല്ലൂർ എന്നീ സ്കൂളുകളിൽ കെട്ടിട നിർമ്മാണം തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | മേൽ സാഹചര്യം മറികടക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ? | (സി) | പദ്ധതി നിർവ്വഹണം, ബന്ധപ്പെട്ട വിഷയങ്ങളിൽ തീർപ്പുണ്ടാക്കൽ എന്നിവ ത്വരിതപ്പെടുത്തുന്നതിനായി സാമ്പത്തിക അധികാരം ഭരണ വകുപ്പിനും വകുപ്പ് തലവന്മാർക്കും ഏൽപ്പിച്ച് നൽകിക്കൊണ്ട് ജി.ഒ. |

| | | | |
|---|---|---|---|
| | | | (പി)നം.102/2017/ഫിൻ തീയതി 07.08.2017 ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ അധികാരങ്ങളിൽ, മരംമുറിച്ച്മാറ്റുന്നത് ഉൾപ്പെടെയുള്ള ചില കാര്യങ്ങളിൽ തീരുമാനമെടുക്കാൻ അതാത് തദ്ദേശ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ